(എ)&(ബി) സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിനുവേണ്ടി 1999-2000-ൽ 28 പദ്ധതികൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചതിൽ 16.25 കോടി രൂപയുടെ പദ്ധതികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 10.80 കോടി രൂപയുടെ പദ്ധതികളാണ് ഇതുവരെ അനുവദിച്ചു കിട്ടിയിട്ടുള്ളത്. പദ്ധതികളുടെയും അനുവദിച്ച തുകയുടെയും വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) നടപ്പുവർഷവും വിനോദസഞ്ചാര മേഖലയിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് ഊന്നൽ കൊടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിടുന്നത്. കായലോരവിനോദസഞ്ചാര വികസനം, തീർത്ഥാടന ടൂറിസം, എക്കോ ടൂറിസം, അഡ്വഞ്ചർ ടൂറിസം എന്നീ മേഖലകളിലും വിവിധ പ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതാണ്. പ്രചാരണത്തിന്റെയും മേളകളുടെയും രംഗത്തും പുതിയ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾ മൂലം ടൂറിസ്റ്റുകളുടെ എണ്ണത്തിലും വരുമാനത്തിലുമുണ്ടാകാവുന്ന വർദ്ധനവ് വരും വർഷങ്ങളിൽ മാത്രമേ തിട്ടപ്പെടുത്താനാവൂ.

ക്ഷയരോഗനിവാരണ പ്രവർത്തനങ്ങൾ

15 (*165)ശ്രീ. എം.പി. വർഗ്ഗീസ് :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സി.പി. ബാലൻ വൈദ്യർ :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷയരോഗനിവാരണ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ആയത് എത്രകണ്ട് ഫലപ്രദമായിരുന്നു എന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാനത്തു റിവൈസ്ഡ് ടി.ബി കൺട്രോൾ പ്രോഗ്രാം നടന്നുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലാണ് നടപ്പാക്കിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രോഗ്രാം എല്ലാ ജില്ലകളിലും നടപ്പിലാക്കുന്നതിന് പദ്ധതിയുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് ക്ഷയരോഗനിവാരണം സംബന്ധിച്ച് ബോധവൽക്കരണം നടത്തിവരുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ക്ഷയരോഗികളെ കണ്ടെത്താനും രോഗം റിപ്പോർട്ട് ചെയ്യാനും ഏതെങ്കിലും പുതിയ സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; എങ്കിൽ വിശാദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യവും സ്പോർട്ട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ)

(എ) ഉണ്ട്.

---

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനതലത്തിൽ രോഗചികിത്സയുടെ വിജയശതമാനം 86% ആണ്. ആയത് ദേശീയലക്ഷ്യത്തിനൊപ്പമാണ്. എന്നാൽ പഴയ ക്ഷയ രോഗ നിയന്ത്രണ പരിപാടിയിൽ 30% രോഗികൾ മാത്രമേ ചികിത്സ പൂർത്തി യാക്കിയിട്ടുള്ളൂ.

(സി) ഉണ്ട്.

1994-ൽ പൈലറ്റ് പ്രോജക്ടായി പത്തനംതിട്ട ജില്ലയിലാണ് ആദ്യം ഇത് നടപ്പിലാക്കിയത്. തുടർന്ന് 1998 ഒക്ടോബർ മാസം മുതൽ തിരുവനന്ത പുരം, കോട്ടയം, മലപ്പുറം, കണ്ണൂർ, തൃശൂർ, വയനാട്, എന്നീ ജില്ലകളിൽ കൂടി ഈ പ്രോഗ്രാം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട്, പാലക്കാട്, കാസർഗോഡ്, കൊല്ലം എന്നീ നാല് ജില്ലകളിൽ ഈ പ്രോഗ്രം ഈ വർഷം ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. 11 ജില്ലകളിലും ഈ പ്രോഗ്രാം നടപ്പിലാക്കി കഴിഞ്ഞു. ശേഷിക്കുന്ന മൂന്നു ജില്ലകളിൽ കൂടി ഈ പദ്ധതി നടപ്പാക്കുന്നതിനുവേണ്ടി മെഡിക്കൽ ഓഫീസർമാർക്ക് പരിശീലനം നൽകി കഴിഞ്ഞു. മറ്റു പാരാമെഡി ക്കൽ സ്റ്റാഫിനുള്ള പരിശീലന പരിപാടികൾ നടന്നുവരുന്നു. കൂടാതെ ഓരോ 5 ലക്ഷം ജനസംഖ്യക്കും ഒരു ടി.ബി. യൂണിറ്റ് എന്ന നിലയിൽ വേണ്ട യൂണി റ്റുകൾ അനുവദിക്കുകയും, പ്രസ്തുത യൂണിറ്റിൽ ഒരു സീനിയർ ട്രീറ്റ്മെന്റ് സൂപ്പർവൈസർ, ഒരു സീനിയർ ടി.ബി.ലബോറട്ടറി സൂപ്പർവൈസർ എന്നി വരെ നിയമിക്കുകയും ചെയ്തു കഴിഞ്ഞു.

(ഇ) ഉണ്ട്. ജില്ലാതലത്തിൽ അംഗൻവാടി വർക്കർമാർക്കും, വോളൻണ്ടറി പ്രവർത്തകർക്കും പരിശീലനവും നൽകുന്നുണ്ട്. ലഘുലേഖ കൾ വിതരണം ചെയ്തും പോസ്റ്ററുകൾ, ബാനറുകൾ, സ്റ്റിക്കറുകൾ എന്നിവ വഴിയും ബോധവൽക്കരണം നടത്തുന്നു. സംസ്ഥാനതലത്തിൽ സെമിനാറു കൾ സംഘടിപ്പിക്കുകയും മെറ്റാലിക് പോസ്റ്ററുകൾ നിർമ്മിച്ച് എല്ലാ ആശുപ ത്രികളിലും പ്രദർശിപ്പിക്കുകയും ചെയ്തു കഴിഞ്ഞു. ലോക ക്ഷയരോഗദിന ത്തിൽ ബോധവൽക്കരണപരിപാടികളും നടത്തിവരുന്നു. വർഷംതോറും മാർച്ച് 24-ാം തീയതി ലോക ക്ഷയരോഗദിനമായി ആചരിക്കുന്നു.

(എഫ്) സംസ്ഥാനത്തെ ക്ഷയരോഗികളെ കണ്ടുപിടിക്കാനും റിപ്പോർട്ട് ചെയ്യാനും ജില്ലാതലത്തിൽനിന്നും താഴ്ന്നതലത്തിലേയ്ക്കും പരിപാടി വികേന്ദ്രീകരിച്ചിട്ടുണ്ട്. ഓരോ ലക്ഷം ജനസംഖ്യയ്ക്കും ഒരു മൈക്രോസ് കോപ്പിക് സെന്ററും ഓരോ 5 ലക്ഷം ജനസംഖ്യയ്ക്ക് ഒരു ടി.ബി യൂണിറ്റും ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ ഇ.എസ്.ഐ. ആശുപത്രിക ളിലും പ്രധാനപ്പെട്ട പ്രൈവറ്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുക ളിലും ഈ പ്രോഗ്രാം ഉൾപ്പെടുത്താൻ തീരുമാനമായിട്ടുണ്ട്. ഇതിനായി ഡോക്ടർമാർക്കും, ലാബ് ടെക്നീഷ്യൻമാർക്കും പരിശീലനം നൽകാൻ നട പടികൾ ആരംഭിച്ചു കഴിഞ്ഞു.

സംസ്ഥാനത്തെ ഭക്ഷ്യധാന്യ ശേഖരം

16 (*166)ശ്രീ. എം. നാരായണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി.എസ്. സുപാൽ :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. ജോസ് ബേബി :

ശ്രീ. യു.എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദ സഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

1180/2010.

LIBRARY ARCHIVES Kerala Legislative Assembly